**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പ് ലൈൻ മാറ്റുന്ന നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ചവറ കോലത്ത് മുക്ക് മുതൽ കാവനാട് വരെ പ്രധാന പാതയിൽ സ്ഥാപിച്ചിരിക്കുന്ന കുടിവെള്ള പൈപ്പ് ലൈൻ റോഡിന്റെ സൈഡിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നാഷണൽ ഹൈവെ വികസനത്തിന്റെ ഭാഗമായി ചവറ കോലത്ത് മുക്ക് മുതൽ കാവനാട് വരെ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 03/05/2021 ൽ നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (NHAI) – യ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 03.05.2023 ൽ വീണ്ടും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റി ഇടേണ്ടത് NHAIആണ്. 13.01.2024ൽ NHAI സൈറ്റ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ, കരാറുകാരൻ എന്നിവർ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതുമാണ്. പൈപ്പുകൾ ഈ stretch ൽ മാറ്റിയിടുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. |
| (ബി) | ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇത് നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പൈപ്പുകൾ മാറ്റിയിടുന്നതിനുള്ള എസ്റ്റിമേറ്റ് NHAIയ്ക്ക് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. അംഗീകാരം സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റിയ്ക്ക് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ